(ബി) ഇല്ല.

(സി) പിതൃതർപ്പണ ദിവസങ്ങളിൽ യാത്രക്കാരുടെ ബാഹുല്യം കണക്കിലെടുത്ത് കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നടത്തുന്നുണ്ട്.

(ഡി) ഈ നിർദ്ദേശം തൽക്കാലം പരിഗണനയിൽ ഇല്ല.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

റാന്നി കേന്ദ്രമാക്കി ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ്

72 [2109] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഇല്ലാത്ത താലൂക്ക് ആസ്ഥാനങ്ങൾ ഏതൊക്കെയാണ് ;

(ബി) റാന്നി താലൂക്കിലെ വാഹന ഉടമകൾ ഇപ്പോൾ വാഹന സംബന്ധമായ ആവശ്യങ്ങൾക്കായി എത് ആഫീസിനെയാണ് ആശ്രയിച്ചുവരുന്നത്;

(സി) റാന്നിയുടെ കിഴക്കൻ മലയോര മേഖലയിലെ ആളുകൾക്ക് വാഹന സംബന്ധമായ ആവശ്യങ്ങൾക്കായി 65 മുതൽ 100 കി. മീ. വരെ സഞ്ചരിക്കേണ്ടിവരുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ റാന്നി കേന്ദ്രമാക്കി ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹോസ്ദുർഗ്, തലശ്ശേരി, തളിപ്പറമ്പ്, നോർത്ത് വയനാട്, സുൽത്താൻ ബത്തേരി, കൊയിലാണ്ടി, പൊന്നാനി, തിരൂർ, തിരൂരങ്ങാടി, മഞ്ചേരി, പെരിന്തൽമണ്ണ, ആലത്തൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, പട്ടാമ്പി, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, ഇരിങ്ങാലക്കുട, ഗുരുവായൂർ, കോതമംഗലം, പെരുമ്പാവൂർ, ആലുവ, തൃപ്പൂണിത്തുറ, പറവൂർ, മട്ടാഞ്ചേരി, ഉടുമ്പൻചോല, പീരുമേട്, മൂന്നാർ, വൈക്കം, കാഞ്ഞിരപ്പള്ളി, പാല, ചങ്ങനാശ്ശേരി, ചേർത്തല, മാവേലിക്കര, ചെങ്ങന്നൂർ, കായംകുളം, മല്ലപ്പള്ളി, തിരുവല്ല, അടൂർ, റാന്നി, കൊട്ടാരക്കര, പുനലൂർ, നെടുമങ്ങാട്, നെയ്യാറ്റിൻകര, ആറ്റിങ്ങൽ എന്നീ താലൂക്ക് ആസ്ഥാനങ്ങളിലാണ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ഇല്ലാത്തത്.

(ബി) പത്തനംതിട്ട ആർ. ടി. ഓഫീസ്.

(സി) ഉണ്ട്.

(ഡി) റാന്നിയിൽ സബ്റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് യാതൊരു നിർദ്ദേശവും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly